# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നംപർ: 2229 — 12/02/2013 - ൽ മറുപടിയ്ക്ക്

## പുതിയ ജയിലുകൾ

ചോദ്യം — മറുപടി

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. എം. എ. വാഹീദ്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് പുതിയ ജയിലുകൾ സ്ഥാപിക്കാനുളള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായി പുതിയ ജയിലുകൾ സ്ഥാപിക്കുന്നതിനുളള നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) ഏതെല്ലാം തരം ജയിലുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ രൂപം നൽകിയിരിക്കുന്നത് ; | (ബി) പുതുതായി ജയിൽ സ്ഥാപിക്കുന്നതിനായി ലഭ്യമായ സ്ഥലത്ത് ചുവടെ കൊടുത്തിരിക്കുന്ന ജയിലുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.<br>തവനൂർ - സെൻട്രൽ ജയിൽ<br>തൊടുപുഴ - ജില്ലാ ജയിൽ<br>ഇരിങ്ങാലക്കുട - സബ് ജയിൽ<br>വിയ്യൂർ - 1. അതീവ സുരക്ഷാ ജയിൽ<br>2. ജില്ലാ ജയിൽ<br>പാലക്കാട് - സ്പെഷ്യൽ സബ് ജയിൽ മാറ്റി സ്ഥാപിക്കുക.<br>ഇപ്പോൾ സംസ്ഥാനത്ത് 5 ജില്ലാ ജയിലുകളാണുളളത്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന 9 ജില്ലകളിലും ജില്ലാ ജയിലുകളും കൂടുതൽ സബ് ജയിലുകളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്. സ്ഥലം കണ്ടെത്തുന്നതിനായി |

| | |
|---|---|
| | നോഡൽ ഓഫീസർമാരെ നിയമിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) ഇതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട് ; | (സി) സംസ്ഥാനത്ത് കൂടുതൽ ജയിലുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി നോഡൽ ഓഫീസർമാരെ നിയോഗിക്കുകയും അവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും തദ്ദേശവാസികളുമായും ബന്ധപ്പെട്ട് സ്ഥല ലഭ്യതയെക്കുറിച്ച് അറിഞ്ഞ്, അനുയോജ്യമായ സ്ഥലത്ത് ജയിൽ സ്ഥാപിക്കുന്നതിനായി ടി സ്ഥലം ജയിൽ വകുപ്പിന് ലഭിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭ്യമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ജയിലുകൾ നിർമ്മിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി വക കണ്ടെത്തുന്നതിനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ